# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3284**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എത്ര മാസത്തെ വേതനകുടിശ്ശികയാണ് നൽകാനുള്ളത്; ഇത് ആകെ എത്ര രൂപ വരും; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് 01.06.2019 മുതലാണ് കുടിശ്ശികയുള്ളത്. ഈ ഇനത്തിൽ 50.68 കോടി രൂപയുടെ കുടിശ്ശികയുണ്ട്. |
| (ബി) | എന്തുകൊണ്ടാണ് കുടിശ്ശിക നൽകാൻ കഴിയാതെ വന്നത്; കുടിശ്ശിക അടിയന്തരമായി ഇവർക്ക് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഒന്നാം ഗഡു തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ട കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കേന്ദ്രസർക്കാരിൽ നിന്നും അടുത്ത ഗഡു അനുവദിക്കുന്ന മുറയ്ക്ക് വേതന കുടിശ്ശിക നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**